ഫാക്ടറികളുടെ നവീകരണം നടപ്പാക്കുക, കശുവണ്ടി വ്യവസായ സ്പെഷ്യൽ ഓഫീസറുടെ അധികാരം വർധിപ്പിക്കുക, ഓഫീസ് ശക്തിപ്പെടുത്തുക, കശുവണ്ടിയുടെ പർച്ചേസ് നികുതി കുറയ്ക്കുക, ക്യാഷ്യൂ ഡയറക്ടറേറ്റ് സ്ഥാപിക്കുക ഇവയാണ് ഇടക്കാല റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ.

(ഇ) കശുമാവ് കൃഷി വികസിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ വേണ്ട നിർദ്ദേശം ഇതിനകം കോർപ്പറേഷന് നൽകി കഴിഞ്ഞു. ഈ ആവശ്യത്തിനായി നടപ്പു വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 5 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ തുക വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കോർപ്പറേഷന്റെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി നടപ്പുവർഷം 5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മറ്റു ശുപാർശകളും പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

25 (527) കൊച്ചിയിലെ ഗ്രീൻഡെക്സ് എന്ന സ്ഥാപനം

<u>ശ്രീ. കെ. സുധാകരൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ പ്രവർത്തിക്കുന്ന ഗ്രീൻഡെക്സ് എന്ന സ്ഥാപനമോ ആ സ്ഥാപനവുമായി ബന്ധമുള്ള വിദേശ കമ്പനികളോ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ/അർദ്ധ സർക്കാർ പൊതുമേഖലാ വ്യവസായങ്ങൾക്ക് മെഷിനറിയോ സാധനസാമഗ്രികളോ സപ്ലൈ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം നൽകുമോ;

(സി) ഈ കമ്പനി ഏതെങ്കിലും വിദേശ കമ്പനിയുടെ അംഗീകൃത ഏജന്റാണെന്ന് അവകാശപ്പെട്ട് ഗവൺമെന്റിനെയോ, ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തെയോ സമീപിച്ചതായി അറിവുണ്ടോ;

(ഡി) ഏങ്കിൽ ഏതു വിദേശ കമ്പനിയുടെ ഏജന്റാണെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിലെ ബ്രാഡ്ലി പൾവറൈസർ മില്ലിനു ആവശ്യമായ സാധനസാമഗ്രികൾ 1993 മുതൽ ഗ്രീൻഡെക്സ് വഴിയാണ് ഇറക്കുമതി ചെയ്യുന്നത്. കൂടാതെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നൽകിയ ഓർഡറിന്റെ അടിസ്ഥാനത്തിൽ കെ.എം.എം.എൽ.ന്റെ മിനറൽ സെപ്പറേഷൻ യൂണിറ്റിന് ആവശ്യമായ സ്പെയർ പാർട്ട്സുകളും ഗ്രീൻഡെക്സ് വഴി സപ്ലൈ ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) എം.ഇ.എ. ജർമ്മനി, ഡിആൻജലി, ഇറ്റലി എന്നീ വിദേശ കമ്പനികളുടെ ഏജന്റാണെന്നു പറഞ്ഞ് ട്രാക്കോ കേബിൾ കമ്പനിയെ സമീപിച്ചിട്ടുണ്ട്. കൂടാതെ കെ.എം.എം.എൽ-ലെ മിനറൽ സെപ്പറേഷൻ യൂണിറ്റിന്റെ ഹൈടെൻഷൻ മാഗ്നെറ്റിക് സെപ്പറേറ്ററുകൾക്കു വേണ്ടി ക്ഷണിച്ച ടെന്ററിന് മെസ്സേഴ്സ് റീഡിംഗ് ആസ്ത്രേലിയയ്ക്കുവേണ്ടി ഈ കമ്പനി ക്വട്ടേഷൻ സമർപ്പിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly